# ഗർഭകാല പരിചരണത്തെക്കുറിച്ച് കൊച്ചിയിൽ ലൈഫ്സെൽ പണിപ്പുര



## സെമിനാറിന് ചെന്നൈയിലെ പ്രശസ്ത ഗൈനക്കോളജിസ്റ്റും മനശാസ്ത്ര വിദഗ്ധയുമായ ഡോ. രേഖാ സുദർശൻ നേതൃത്വം നൽകും

മൂലകോശ സംഭരണ രംഗത്ത് രാജ്യത്തെ ആദ്യത്തേതും ഏറ്റവും വലുതുമായ ചെന്നൈയിലെ ലൈഫ്സെൽ ഇന്റർനാഷണൽ ഗർഭകാല പരിചരണത്തെക്കുറിച്ച് എറണാകുളത്ത് പണിപ്പുര നടത്തുന്നു. ആഗസ്റ്റ് 29-ന് ഞായറാഴ്ച ഉച്ചക്ക് ശേഷം 2 മണി മുതൽ രവിപുരത്തെ മെഴ്സി ഹോട്ടലിൽ നടക്കുന്ന സെമിനാറിന് ചെന്നൈയിലെ പ്രശസ്ത ഗൈനക്കോളജിസ്റ്റും മനശാസ്ത്ര വിദഗ്ധയുമായ ഡോ. രേഖാ സുദർശൻ നേതൃത്വം നൽകും.

മൂന്ന് മുതൽ എട്ട് മാസം വരെ ഗർഭവതികളായ സ്ത്രീകൾക്കുള്ള വർക്ക്ഷോപ്പിൽ പ്രവേശനം സൗജന്യമാണ്. പങ്കെടുക്കുന്നവർ 09567761187 എന്ന ഫോൺ നമ്പറിൽ വിളിച്ചോ WWW.LIFECELLINTERNATIONAL.COM എന്ന വെബ്സൈറ്റ് സന്ദർശിച്ചോ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഗർഭകാലത്തെ ഹോർമോൺ വ്യതിയാനങ്ങൾ, ശരിയായ ഭക്ഷണം, പോഷകങ്ങൾ എന്നിവയുടെ അനിവാര്യത, ഗർഭസ്ഥ ശിശുവിന് ലഭിക്കേണ്ട ആഹാരങ്ങൾ, പ്രവസ വേദന കൈകാര്യം ചെയ്യുന്ന വിധം, പ്രസവ ശുശ്രൂഷ, നവജാത ശിശു പരിചരണം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതാണ്. ഗർഭവതികൾ ചെയ്യേണ്ടതായ വ്യായാമങ്ങളും ഡോ. രേഖാ സുദർശൻ പരിചയപ്പെടുത്തും.

മുംബൈ, ഡൽഹി, ബാഗ്ലൂർ, തൃശൂർ എന്നിവിടങ്ങളിലും ഇത്തരം വർക്ക്ഷോപ്പുകൾ നടത്തുകയുണ്ടായെന്ന് ലൈഫ് സെൽ എക്സിക്യൂട്ടീവ് ഡയറക്ടർ മയൂർ അഭയ പറഞ്ഞു.